I. ഇ.ബി. XV1-കേരള നിയമസഭ/I-3

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 മേയ് 29, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ഗവർണ്ണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേകർ) ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റ് നിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ഗവർണ്ണറെ സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പൊലീസ് ബാൻഡ് ദേശീയഗീതവും ദേശീയഗാനവും മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

ബഹുമാനപ്പെട്ട ഗവർണ്ണർ രാവിലെ 9.04-ന് ആരംഭിച്ച പ്രസംഗം 10.13-ന് പൂർത്തിയാക്കി.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പൊലീസ് ബാൻഡ് ദേശീയഗീതവും ദേശീയഗാനവും മുഴക്കി.

തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്, ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ യോഗം തുടർന്നു.

ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദേശാനുസരണം ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 2026 ജൂൺ മാസം 2-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ 2026 ജൂൺ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറി-ഇൻ-ചാർജിനെ ഏല്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

(സഭ രാവിലെ 10.24-ന് പിരിഞ്ഞു.)

* * * * * * * * * *